LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ട്രാൻസ്ഫോർമറുകളുടെ പുനഃസ്ഥാപനം

66 (2267) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചാത്തന്നൂർ-പരവൂർ റോഡ് ഉൾപ്പെടെയുള്ള വിവിധ റോഡുകളുടെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ വഴിയാത്രക്കാർ, വാഹനങ്ങളിലെ യാത്രക്കാർ എന്നിവർക്ക് ജീവഹാനി സംഭവിക്കാൻ ഉതകുന്ന അവസ്ഥയിൽ സ്ഥിതിചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ട്രാൻസ്ഫോർമറുകൾ അപകടം വരാത്തവിധം സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി. സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചാത്തന്നൂർ-പരവൂർ പി.ഡബ്ല്യു.ഡി. റോഡ് വീതി കൂട്ടിയതിനെ തുടർന്ന് നേരത്തെ റോഡിൽനിന്ന് മാറി വശങ്ങളിൽ സ്ഥിതി ചെയ്തിരുന്ന പല പോസ്റ്റുകളും പുതുതായി നിർമ്മിച്ച റോഡിന്റെ ഭാഗത്ത് വരുന്ന സ്ഥിതി വന്നു. റോഡ് നിർമ്മാണം പിന്നീട് നടന്നതായതിനാൽ നിലവിലുള്ള നിയമപ്രകാരം പോസ്റ്റുകളും ലൈനുകളും മാറ്റിസ്ഥാപിക്കുന്നതിനുള്ള ചെലവ് പൊതുമരാമത്ത് വകുപ്പാണ് വഹിക്കേണ്ടതെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചെങ്കിലും ഇതിന് പ്രസ്തുത വകുപ്പ് തയ്യാറായിട്ടില്ല. ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളിൽ ചിലത് റോഡിനോട് ചേർന്നതാണെങ്കിലും ഫെൻസിംഗ് ഉള്ളതിനാൽ വഴിയാത്രക്കാർ, വാഹനങ്ങളിലെ യാത്രക്കാർ എന്നിവർക്ക് അപകടം സംഭവിക്കാവുന്ന അവസ്ഥയിലല്ല. പരവൂർ സെക്ഷനിലെ തെക്കുംഭാഗത്ത് ഒരു ട്രാൻസ്ഫോർമറിൽ ഡ്രൈവിംഗ് പിഴവുമൂലം ഒരു ബൈക്ക് ഇടിച്ച് അപകടമുണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന

67(2268) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പാക്കിയിട്ടുണ്ട്.

(ബി) എല്ലാ ഗ്രാമീണ ഭവനങ്ങളിലും വൈദ്യുതി എത്തിക്കുക, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജനവഴി നടപ്പാക്കുന്ന പ്രവൃത്തികളുടെ പുരോഗതിയും മറ്റ ബന്ധപ്പെട്ട കാര്യങ്ങളും അവലോകനം ചെയ്യുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി സംസ്ഥാനതലത്തിലും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ജില്ലാതലത്തിലും രൂപീകരിക്കപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റികൾ പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്ത് തുടർനടപടികൾ നിർദ്ദേശിച്ചിരുന്നു.

കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ

68 (2269) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ എട്ട പഞ്ചായത്തുകളിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി ചെലവഴിച്ച തുകയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) നടപ്പിലാക്കിയ പ്രവൃത്തികളും ചെലവായ തുകയും സംബന്ധിച്ച വിശദാംശങ്ങൾ താഴെ നൽകുന്നു:

LIBRARY ARCHIVES Kerala Legislative Assembly